# 2016-2017 കണ്ണൂർ രൂപത മതബോധന ജനറൽ കൺവെൻഷൻ മെയ് 21ന് പിലാത്തറ വ്യാകുലമാതാ ദേവാലയത്തിൽ

കണ്ണൂർ രൂപതയിലെ മതബോധന ജനറൽ കൺവെൻഷൻ പിലാത്തറ വ്യാകുലമാതാ ദേവാലയത്തിൽ വെച്ച് കണ്ണൂർ രൂപത മെത്രാൻ അഭിവന്ദ്യ.അലക്സ് വടക്കുംതല പിതാവിൻെറ മുഖ്യകാർമികത്വത്തിൽ രാവിലെ 9.30ന് ദിവ്യബലിയോടു കൂടി ആരംഭിച്ചു. സഹകാർമികരായി രൂപത ഡയറക്ടർ ഫാദർ. ജേക്കബ് വിജേഷ്, ഫാ. ജോസഫ് ഡിക്രൂസ്, ഫാ. മനോജ് എന്നിവരുടേയും, രൂപതയിലെ എല്ലാ മതബോധന അദ്ധ്യാപകരും ,വി.കുർബ്ബാനയിൽ സന്നിഹിതരായിരുന്നു.

ദിവ്യബലിക്കു ശേഷം നടന്ന പൊതുയോഗം പ്രാർത്ഥനയോടെ ആരഭിച്ചു. കണ്ണൂർ രൂപതമതബോധന ഡയറക്ടർ ഫാദർ. ജേക്കബ് വിജേഷ്, എല്ലാവരേയും കൺവെൻഷനിലേക്കു സ്വാഗതം ചെയ്തു. തുടർന്ന് രൂപതമതബോധന സെക്രട്ടറി .സിസ്റ്റർ.സ്വർഗ്ഗ 2016-2017 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ചു. അനന്തരം KLCA സംസ്ഥാന പ്രസിഡൻറ് ശ്രീ. ആൻറണി നൊറോണ, CRI കണ്ണൂർ യൂണിറ്റിൻെറ പ്രസിഡൻറ് സിസ്റ്റർ ശിൽപDSS, മാടായി ഹോളിക്രോസ് ഇടവകയിലെ ഹെഡ്മാസ്റ്റർ ശ്രീ. ഡെന്നിസ് ജോൺസൺ, വെള്ളിക്കീൽ, സെൻറ്.തോമസ് ഇടവകയിലെ മതബോധനവിദ്യാർത്ഥിനി ജിൻസി മരിയ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് അഭിവന്ദ്യ.പിതാവിൻെറ,അദ്ധ്യക്ഷപ്രസംഗത്തിൽ, **"വിശ്വാസത്തിൻെറ അഗ്നി കെടാതെ സൂക്ഷിക്കണമെന്നും,ആശ്വാസവും കരുത്തും കരുതലും നൽകുന്ന ദൈവവചനം, വിശ്വാസത്തിൻെറ അഗ്നി വ്യക്തിയിലും കുടുംബങ്ങളിലും കെടാതെ സൂക്ഷിക്കാൻ സഹായകമാണെന്നും"** കണ്ണൂർ രൂപത ബിഷപ്.ഡോ.അലക്സ് വടക്കുംതല ഉദ്ബോധിപ്പിച്ചു. 2016-2017 വർഷത്തിൽ രൂപത മതബോധന സ്കോളർഷിപ്പ് (Fr.Titus Memorial Award) വാങ്ങിയ കുട്ടികളേയും, രൂപതയിലെ നല്ലപ്രവർത്തനങ്ങൾ കാഴ്ചവെച്ച ഇടവകകളേയും ആദരിക്കുകയും ചെയ്തു. യോഗത്തിൽ സംബന്ധിച്ചവർക്ക് പിലാത്തറ ഇടവകയിലെ മതബോധന ഹെഡ്മാസ്റ്റർ ശ്രീ. പോൾ ജസ്റ്റിൻ നന്ദിയും രേഖപ്പെടുത്തി. തുടർന്ന് സ്നേഹവിരുന്നും നടത്തപ്പെട്ടു.